22 (*50) റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. കെ. അച്ചുതൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിപക്ഷം റോഡുകളും തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീർന്നിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റോഡുകളുടെ മെയിന്റനൻസ് വർക്കുകൾ യഥാസമയം നടത്തുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) കാലവർഷംമൂലം കുറെ റോഡുകൾ തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നുണ്ട്.

(സി) റോഡുകളുടെ അറ്റകുറ്റപണികൾ അനുകൂലമായ കാലാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും കണക്കാക്കി ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

23 (*53) പ്രീഡിഗ്രി കോഴ്സ് വേർപ്പെടുത്തൽ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സ് വേർപെടുത്തുന്ന നടപടി ഏതുവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് പ്രീഡിഗ്രി കോഴ്സ് പൂർണ്ണമായും വേർപെടുത്തി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പിൽ വരുത്തും എന്ന് വ്യക്തമാക്കുമോ;

(സി) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും വേർപെടുത്തുന്നതിന് കാലതാമസം വരുന്നതുമൂലം ഉന്നതവിദ്യാഭ്യാസമേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതത്വം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലേക്കാവശ്യമായ സ്പെഷ്യൽ റൂൾസ് എന്നത്തേക്ക് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ; സ്പെഷ്യൽ റൂൾസിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 1997-98 അദ്ധ്യയനവർഷത്തിൽ 38 ബാച്ചുകളും 98-99 ൽ 310 ബാച്ചുകളും 99-2000 -ൽ 90 ബാച്ചുകളും കോളേജുകളിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly